കേരള സർക്കാർ

ധനകാര്യ (വ്യയം-ബി) വകുപ്പ്

# സർക്കുലർ

നമ്പർ 63/2017/ധന. *തിരുവനന്തപുരം, 2017 ആഗസ്റ്റ് 9.*

വിഷയം:—ധനകാര്യ വകുപ്പ്—വിവിധ ഇനം ഓഫീസ് ചെലവുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള പൊതു നിർദ്ദേശം പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകളിലും ഓഫീസുകളിലും വെള്ളക്കരം, വൈദ്യുതി ചാർജ്, വാടക, കരം, നികുതി തുടങ്ങിയ ഇനങ്ങളിലെ ചെലവുകൾ സമയബന്ധിതമായി വീട്ടുന്നതിലുണ്ടാകുന്ന വീഴ്ച കാരണം ഈ ഇനങ്ങളിൽ കുടിശ്ശിക അധികരിക്കുന്നതായും ആയത് അധിക സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത്തരത്തിൽ സർക്കാരിന് അധിക ബാധ്യത യുണ്ടാക്കുന്ന നടപടികൾ ഒഴിവാക്കേണ്ടതാണ്. ആയതിനാൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ഈ ഇനങ്ങളിലെ അത്യാവശ്യ ചെലവുകൾ സമയബന്ധിതമായി വീട്ടുന്നതു സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ എല്ലാ ഭരണ വകുപ്പുകളും അനുബന്ധ സ്ഥാപനങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

വെള്ളക്കരം, വൈദ്യുതി ചാർജ്, വാടക, കരം, നികുതി തുടങ്ങിയ വിവിധ ഇനങ്ങളിലെ ചെലവുകൾ അതാത് വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും, അല്ലെങ്കിൽ അധികധനാനുമതിയിലൂടെയോ ധനപുനർവിനിയോഗത്തിലൂടെയോ തനത് വർഷം തന്നെ സമയബന്ധിതമായി തീർപ്പാക്കുക എന്നത് അതത് ഓഫീസ് തലവൻമാരുടെ ഉത്തരവാദിത്തമാണ്. ഈ ഇനങ്ങളിൽ പ്രസ്തുത വർഷം ബജറ്റ് വിഹിതത്തിനു പുറമെ തുക

GCPT. 4/2919/2017/S-25.

ആവശ്യം വരുന്നപക്ഷം കുടിശ്ശിക വരുത്തി സർക്കാരിന് അധിക ബാധ്യതയുണ്ടാക്കുന്ന നടപടികൾ ഒഴിവാക്കുന്നതിലേക്കായി അധിക ധനാനുമതി/ധനപുനർ വിനിയോഗ ശുപാർശകൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് യഥാസമയം വകുപ്പ് മേധാവികൾ സർക്കാരിന് സമർപ്പിക്കേണ്ടതാണ്. ഇത്തരം ശുപാർശകൾ സമയ ബന്ധിതമായി ധനകാര്യ വകുപ്പിൽ ലഭ്യമാക്കുന്നതിനായുള്ള നടപടികൾ അതത് ഭരണ വകുപ്പുകൾ സ്വീകരിക്കേണ്ടതാണ്.

ബിശ്വനാഥ് സിൻഹ, ഐ.എ.എസ്.,
*പ്രിൻസിപ്പൽ സെക്രട്ടറി*
*(ധനകാര്യ എക്സ്പെൻഡിച്ചർ).*

*പകർപ്പ്:*

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ.), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ.), കേരളം, തിരുവനന്തപുരം.

എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പ് തലവന്മാർക്കും.

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.